# ‘ജീവിപ്പിക്കുന്ന ദൈവം’

**റോമർ 4:17**

**‘മരിച്ചവരെ ജീവിപ്പിക്കുകയും ഇല്ലാത്തതിനെ ഉള്ളതിനെപ്പോലെ വിളിക്കയും ചെയ്യുന്നവനായി താൻ വിശ്വസിച്ച ദൈവത്തിന്റെ ദൃഷ്ടിയിൽ അവൻ നമുക്കെല്ലാവർക്കും പിതാവാകേണ്ടതിനു തന്നെ.’**

അബ്രഹാം വിശ്വാസികളുടെ പിതാവ് എന്നാണല്ലോ അറിയപ്പെടുന്നത്. അബ്രഹാമിന് തന്റെ ദൈവത്തിലുണ്ടായിരുന്ന ഉറച്ച വിശ്വാസത്തെയാണ് ഈ വേദഭാഗങ്ങൾ സൂചിപ്പിക്കുന്നത്. തനിക്ക് ഒരു സന്തതി ഉണ്ടാകുമെന്നുള്ള വാഗ്ദത്തം കിട്ടിയശേഷവും അനേകവർഷങ്ങൾ അതിനായി കാത്തിരിക്കേണ്ടി വന്നു. എന്നാൽ ആ വാഗ്ദത്തത്തിൽ ഒട്ടും സംശയിക്കാതെ വിശ്വാസത്തിൽ ശക്തിപ്പെട്ട് ദൈവത്തിന് തക്ക മഹത്വം കൊടുത്തു എന്നു നാം വായിക്കുന്നു. ഈ ഒരു വിശ്വാസം നമുക്കും ഉണ്ടോ എന്ന് വാസ്തവമായി ശോധന ചെയ്യേണ്ടിയിരിക്കുന്നു.

നമ്മുടെ ദൈവം ജീവിപ്പിക്കുന്നവനാണ്. നിലത്തെ പൊടിയിൽ ജീവശ്വാസമൂതിയാണല്ലോ ആദിമ മനുഷ്യനായ ആദാമിനെ ദൈവം സൃഷ്ടിച്ചത്. പാഴും ശൂന്യവുമായിരുന്ന ഈ ഭൂമിയിൽ ദൈവം തന്റെ പ്രവൃത്തി തെളിയിച്ചതാണ് ഇന്നു നാം കാണുന്നതെല്ലാം. അങ്ങനെയെങ്കിൽ ഇന്നു നമ്മുടെ ജീവിതത്തിലെയും ചില മരിച്ചു കിടക്കുന്ന മേഖലകളെ ദൈവത്തിന്റെ കരങ്ങളിലേക്ക് കൊടുക്കാം.

യെഹെസ്കേൽ പ്രവചനം 37–ാം അദ്ധ്യായം നാം വായിക്കുമ്പോൾ ഉണങ്ങിയ അസ്ഥികളെ ജീവിപ്പിക്കുന്നതായി കാണാം. ഇവിടെ അസ്ഥികളോട് കല്പിക്കുവാനാണ് യഹോവയായ ദൈവം അരുളിചെയ്യുന്നത്. കർത്താവായ യേശുവിലൂടെ വീണ്ടും ജനനം പ്രാപിച്ച ഓരോവിശ്വാസിക്കും ഈ അധികാരത്തിന്റെ താക്കോൽ ദൈവം തന്നിട്ടുണ്ട്. ഇന്നു നമ്മെ ഭാരപ്പെടുത്തുന്ന ഏത് പ്രശ്നത്തോടും യേശുവിന്റെ നാമത്തിൽ കല്പിക്കുവാനാണ് ഈ വചനങ്ങളിലൂടെ ദൈവം നമ്മോടു പറയുന്നത്.

ലൂക്കൊസ് 10:19 ‘പാമ്പുകളെയും തേളുകളെയും ശത്രുവിന്റെ സകല ബലത്തെയും ചവിട്ടുവാൻ ഞാൻ നിങ്ങൾക്ക് അധികാരം തരുന്നു. ഒന്നും നിങ്ങൾക്ക് ഒരിക്കലും ദോഷം വരുത്തുകയും ഇല്ല’. നമ്മുടെ പോരിന്റെ ആയുധങ്ങളാകുന്ന ദൈവവചനം ഏറ്റെടുക്കാം. ശത്രുവായവൻ നമുക്കെതിരായി കെട്ടിവെച്ചിരിക്കുന്ന എല്ലാ ബന്ധനങ്ങളും വചനത്തിലൂടെ നമുക്ക് അറുത്തുകളയാം. യിസ്രായേൽമക്കൾക്ക് സ്വർഗ്ഗീയമന്ന കൊടുത്ത് തൃപ്തിപ്പെടുത്തിയ ദൈവം നമ്മെ ആത്മാവിന്റെ ഭക്ഷണമാകുന്ന ദൈവവചനം തന്നു തൃപ്തിപ്പെടുത്തുന്നു.

ദൈവവചനം ഓരോ നിമിഷവും നമ്മുടെ ധ്യാനമായി മാറണം. അപ്രകാരം വചനം ഏറ്റെടുത്ത് അതിനനുസരിച്ച് നമ്മുടെ ജീവിതത്തെ ക്രമീകരിക്കുമ്പോൾ നമുക്കെതിരെ വരുന്ന ഒരായുധവും ഫലിക്കാതെവണ്ണം ദൈവം നമ്മെ പരിപാലിച്ചുകൊള്ളും. ദൈവത്തിന്റെ വചനം തീ പോലെയും പാറയെ തകർക്കുന്ന ചുറ്റിക പോലെയുമാണെന്ന് **യിരെമ്യാവ് 23:29** ൽ നാം വായിക്കുന്നു. ഇവിടെ പാറയെ ചുറ്റിക കൊണ്ട് അടിച്ചുപൊട്ടിച്ച് വേർതിരിച്ചെടുക്കുന്നതുപോലെ നമ്മുടെ ജീവിതത്തിലെയും ചില പാറപോലെ ഉറച്ചു നിൽക്കുന്ന ചില പ്രതികൂലങ്ങൾ ദൈവവചനമാകുന്ന ചുറ്റികകൊണ്ട് അടിച്ചു മാറ്റി വിടുതൽ പ്രാപിക്കുവാൻ നമുക്ക് കഴിയും.

കർത്താവായ യേശുവിനെ പിശാച് പരീക്ഷിച്ചപ്പോളും കർത്താവ് അവനെ ജയിച്ചത് വചനം കൊണ്ടാണല്ലോ. അവിടുന്നു തന്നെ നമുക്കൊരു മാതൃക കാണിച്ചിരിക്കുന്നു. അങ്ങനെയെങ്കിൽ ഇനി താമസിക്കുന്നതെന്തിന്, വിശ്വാസത്തോടെ പരമാർത്ഥ ഹൃദയത്തോടെ
പരിശുദ്ധാത്മാവിന്റെ നിറവോടെ നമുക്കെതിരായി തല ഉയർത്തി നിൽക്കുന്ന പ്രശ്നങ്ങളുടെ നേരെ ദൈവവചനമാകുന്ന മൂർച്ചയേറിയ വാൾ എടുത്തുകൊണ്ട് യുദ്ധം ചെയ്യാം. അപ്പോൾ ജീവിതത്തിന്റെ മരിച്ചു കിടക്കുന്ന മേഖലകളിൽ ജീവൻ പ്രാപിക്കുന്നതായും ശൂന്യമായിക്കിടക്കുന്ന അവസ്ഥകളിൽ കർത്താവിന്റെ നിറവ് കാണുവാനും നമുക്ക് സാധിക്കും. അതിനായി ദൈവം നമ്മെ സഹായിക്കുമാറാകട്ടെ.

**പരാമർശം :**
**ഇയ്യോബ് 12:710**

'സകല ജീവജന്തുക്കളുടെയും പ്രാണനും സകല മനുഷ്യവർഗ്ഗത്തിന്റെയും ശ്വാസവും അവന്റെ കൈയ്യിൽ ഇരിക്കുന്നു.'

**അശ്വതി ബിനു ഏറ്റുമാനൂർ 015**